ACHARYA

An influential mentor

# WEEKLY EDITORIAL ANALYSIS – THE HINDU

14/03/22 - 19/03/22

www.acharyainfo.com

## Unguided missile, 14-3-22

അബദ്ധത്തിൽ ഇന്ത്യയിൽ നിന്നും പാകിസ്ഥാനിലേക്ക് മിസൈൽ വിക്ഷേപിക്കപ്പെട്ട സാഹചര്യം അപ്രതീക്ഷിതമായി ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാകാൻ സാഹചര്യമൊരുക്കുമായിരുന്നു. എന്നാൽ ഭാഗ്യവശാൽ അതുണ്ടായില്ല. പതിവായി നടക്കുന്ന മിനുക്കുപണികൾക്കിടെ സാങ്കേതികപരമായ പിഴവ് കാരണം സംഭവിച്ചതാണെന്ന് ഇന്ത്യ പ്രതികരിക്കുകയുണ്ടായി. വിഷയത്തിൽ ഉന്നതതല അന്വേഷണത്തിനും ഇന്ത്യ ഉത്തരവിട്ടിട്ടുണ്ട്.

സംഭവത്തെ തുടർന്ന് രണ്ടുതവണ ഇന്ത്യൻ അംബാസിഡർ വിളിച്ചുവരുത്തി പാകിസ്ഥാൻ ആശങ്ക അറിയിക്കുകയുണ്ടായി. ഇത്തരം അപകടകരമായ ആയുധങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഇന്ത്യയിൽ നിരവധി ലൂപ് ഹോളുകൾ ഉണ്ടെന്ന് പാകിസ്ഥാൻ ആരോപിക്കുന്നു. ഇന്ത്യ നടത്തുന്ന അന്വേഷണത്തിൽ തൃപ്തരല്ലെന്നും ഒരു സംയുക്ത അന്വേഷണം വേണമെന്നുമാണ് പാകിസ്ഥാൻ ആവശ്യപ്പെടുന്നത്.

ആണവ ആയുധങ്ങൾ ഉൾപ്പടെയുള്ള ആയുധങ്ങൾ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുന്ന ആണവശക്തിയാണ് ഇന്ത്യ എന്ന ഖ്യാതി ഇന്ത്യ വർഷങ്ങളായി പിന്തുടരുന്ന ചിന്തിച്ചും പക്വതയോടെയുമുള്ള പ്രവൃത്തികൊണ്ട് നേടിയെടുത്തതാണ്. അതുകൊണ്ടുതന്നെ അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയോടുള്ള വിശ്വാസം തിരിച്ചുപിടിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

ACHARYA An influential mentor

ഇന്ത്യ എന്നത് വിശ്വസനീയമായ പ്രതിരോധപങ്കാളിയും ഒപ്പം തങ്ങളുടെ ആയുധശക്തി പക്വതയോടെ കൈകാര്യം ചെയ്യുകയും അതുവഴി അന്താരാഷ്ട്ര സുരക്ഷക്ക് കാര്യമായ സംഭാവന ചെയ്യുകയും ചെയ്യുന്ന രാജ്യവുമാണെന്ന് അന്താരാഷ്ട്ര സമൂഹം അംഗീകരിച്ചതിന്റെ ഫലമാണ് 'മിസൈൽ ടെക്നോളജി കണ്ട്രോൾ റെജിമി'ൽ ഇന്ത്യക്ക് അംഗത്വം ലഭിച്ചത്. പാകിസ്ഥാന്റേയോ രണ്ടാമതൊരു കക്ഷിയുടെയോ ഇടപെടൽ ഇല്ലാതെ സ്വതന്ത്രമായ അന്വേഷണം നടത്തിയും മറ്റും ഇന്ത്യ നഷ്ട്ടപ്പെട്ട പേര് തിരിച്ചുപിടിക്കേണ്ടതുണ്ട്.

## A new deal, 15 -3 -22

ഇറാനെതിരെയുള്ള ഉപരോധത്തിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്ന് റഷ്യ ആവശ്യപ്പെട്ടതോടെ 'ഇറാൻ ആണവകരാർ' തിരിച്ചുകൊണ്ടുവരാനുള്ള വിയന്ന സംഭാഷണം വഴിമുട്ടിയിരിക്കുകയാണ്. 2015 ൽ ഒപ്പുവെക്കപ്പെട്ട 'ഇറാൻ ആണവക്കരാർ' 2018 ൽ അമേരിക്ക പിൻവാങ്ങിയതോടെ

അനിശ്ചിതത്വത്തിൽ ആക്കുകയായിരുന്നു. അമേരിക്ക പിൻവാങ്ങുകയും ഇറാനെതിരെ ഉപരോധം കൊണ്ടുവരികയും ചെയ്തതോടെ ഇറാൻ കരാർ ലംഘിക്കാൻ തുടങ്ങി. നിലവിൽ ആറ്റം ബോംബ് ഉണ്ടാക്കുന്നതിന്റെ അടുത്തെത്തി ഇറാൻ എന്നാണ് ആണവ വിദഗ്ദർ പറയുന്നത്. അതുകൊണ്ടുതന്നെ പാശ്ചാത്യ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം എത്രയും പെട്ടന്ന് ഇറാനുമായി കരാറുണ്ടാക്കി ആണവ ആയുധ നിർമ്മാണം തടയേണ്ടതുണ്ട്.

ഇറാൻ ആണവകരാർ വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവരേണ്ടത് പാശ്ചാത്യരാജ്യങ്ങളുടെ ആവശ്യമായത് നിലവിലെ സാഹചര്യത്തിൽ റഷ്യക്ക് അനുകൂലമായ അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. റഷ്യ ഇല്ലാതെ കരാർ യാഥാർഥ്യമാക്കുക എന്നത് നിലവിൽ എളുപ്പമുള്ള കാര്യമല്ല. റഷ്യയെ വകവെക്കാതെ റഷ്യയെ മാറ്റിനിർത്തിക്കൊണ്ട് കരാറുമായി മുന്നോട്ടുപോകാൻ കരാറിന്റെ ഭാഗമായ മറ്റു രാജ്യങ്ങൾ തയ്യാറാണെങ്കിൽ അത് ചെയ്യാവുന്നതാണ്. എന്നാൽ മറ്റു അംഗരാജ്യങ്ങൾ അതിനു തയ്യാറാകുമെന്ന് ഉറപ്പില്ല എന്ന് മാത്രമല്ല റഷ്യയെ മാറ്റിനിർത്തിക്കൊണ്ട് കരാറിന്റെ ഭാഗമാകാൻ ഇറാൻ തയ്യാറാക്കാനും സാധ്യത കുറവാണ്.

ഇതുകൊണ്ടൊക്കെത്തന്നെ ഇറാൻ ആണവകരാറിന്റെ ഭാവി ഇപ്പോൾ റഷ്യയുടെ കൈകളിലാണ്. ഇറാൻ ആണവകരാർ പുതുക്കിക്കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽ അത് പടിഞ്ഞാറൻ ഏഷ്യയിലെ സുരക്ഷയിൽ ആശങ്കയുണ്ടാക്കുമെന്ന് മാത്രമല്ല എണ്ണ വിലയുടെ കാര്യത്തിൽ അത് വലിയ സമ്മർദ്ദമുണ്ടാക്കുകയും ചെയ്യും.

ACHARYA An influential mentor

## Growing price pressure, 16-3-22

കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പ്രകാരമുള്ള വിലക്കയറ്റം 6.07 ശതമാനത്തിൽ എത്തിയതോടെ രാജ്യത്ത് വിലക്കയറ്റം ആശങ്ക സൃഷ്ട്ടിക്കുകയാണ്. ചില്ലറ വിപണിയിലെ വിലക്കയറ്റം 6 ശതമാനം എന്ന ആർ.ബി.ഐ നിശ്ചയിച്ച പരിധിയിൽ തൊട്ടും മൊത്ത വിലക്കയറ്റം 13.11 എന്ന ഉയർന്ന നിലയിലും നിൽക്കുകയാണ്. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം 5.8 ശതമാനമാണ്.

റഷ്യ-ഉക്രൈൻ യുദ്ധത്തെ തുടർന്ന് എണ്ണ വിലയിൽ ഉണ്ടായ വർദ്ധനവ് ബാധിക്കാതെയുള്ള വിലക്കയറ്റമാണ് ഇപ്പോൾ സൂചിപ്പിച്ചത്. എണ്ണവിലയിലെ വർദ്ധനവ് വിലക്കയറ്റം ഇനിയും രൂക്ഷമാക്കിയേക്കും. വരൻ പോകുന്ന വിലക്കയത്തെ മുന്കൂട്ടിക്കണ്ടുകൊണ്ട് ആവശ്യമായ നയങ്ങളും നടപടികളും സ്വീകരിക്കേണ്ടത് ഇപ്പോൾ ആവശ്യമാണ്.

# ‘Helping Afganistan’

അഫ്ഗാനിസ്ഥാനിൽ ഐക്യരാഷ്ട്ര സഭയുടെ സേവനപ്രവർത്തനങ്ങൾ തുടരാൻ തീരുമാനിച്ചത് ഇപ്പോഴത്തെ സാഹചര്യത്തിൽ ഏറെ ഗുണകരമായി മാറും. താലിബാൻ ഭരണം ഏറ്റെടുത്തതിന് ശേഷം അഫ്ഗാനിസ്ഥാനിൽ വലിയ രീതിയിലുള്ള മനുഷ്യാവകാശപ്രശ്നങ്ങൾ അരങ്ങേറുന്നുണ്ട്. അഫ്ഗാനിൽ സേവനപ്രവർത്തനങ്ങൾ തുടരാനുള്ള പ്രമേയം 14-0 എന്ന നിലയിലാണ് ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ കൗൺസിൽ പാസാക്കിയത്. അഫ്ഗാനിസ്ഥാനിൽ ലിംഗസമത്വം, മനുഷ്യാവകാശങ്ങൾ, സ്ത്രീശാക്തീകരണം, പ്രതിനിത്യസർക്കാർ എന്നീ വിഷയങ്ങൾ പ്രോത്സാഹിപ്പിക്കുകയായിരിക്കും ഐക്യരാഷ്ട്ര സഭയുടെ പ്രധാന ദൗത്യം. അഫ്ഗാനിസ്ഥാനിലെ എല്ലാ രാഷ്ട്രീയ സംഘടനകളുമായും മറ്റു തല്പരകക്ഷികളുമായും ചേർന്നുകൊണ്ടാകും ഐക്യരാഷ്ട്ര സഭ സേവനപ്രവർത്തനങ്ങൾ നടത്തുക.

അഫ്ഗാനിസ്ഥാൻ ഇപ്പോൾ കടന്നുപോകുന്നത് ചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശപ്രശ്നങ്ങളിലൂടെയാണ്. താലിബാൻ അധികാരത്തിൽ കയറുന്നതിന് മുൻപ് അഫ്ഗാനിസ്ഥാൻ സർക്കാരിന്റെ ചെലവിന്റെമൂന്നിൽ രണ്ടു ഭാഗവും നിറവേറ്റിയിരുന്നത് അന്താരാഷ്ട്ര തലത്തിൽ നിന്നുള്ള സംഭാവനകളിൽ നിന്നായിരുന്നു. എന്നാൽ താലിബാനെ അഫ്ഗാനിസ്ഥാന്റെ ഭരണകർത്തകളായി മറ്റു രാജ്യങ്ങൾ അംഗീകരിക്കാത്തതുകൊണ്ടുതന്നെ ഇപ്പോൾ സംഭാവനകൾ വരാതായി.

ACHARYA
An influential mentor

മാസങ്ങളായി സർക്കാർ ജീവനക്കാർക്കുപോലും ശമ്പളം ലഭിക്കുന്നില്ല. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ കണക്കുകൾ പ്രകാരം അഫ്ഗാനിലെ 2 ശതമാനം ആളുകൾക്ക് മാത്രമാണ് ആവശ്യത്തിന് ഭക്ഷണം ലഭിക്കുന്നത്. അഫ്ഗാൻ ജനത ഇത്തരത്തിൽ പട്ടിണിയിൽ കഴിയുമ്പോൾ ആഗോള സമൂഹത്തിന് നോക്കിനിൽക്കാനാകില്ല.